വണ്ടിപ്പെരിയാർ പി. എച്ച്. സെന്ററിന്റെ കീഴിൽ 18 ഹെൽത്ത് സെന്ററുകളും ഉദ്ദേശിച്ചിട്ടുള്ളതിൽ യഥാക്രമം 15-ം, 17-ഉം സെന്ററുകളുടെ പണി തുടങ്ങിയിട്ടുണ്ട്.

(ബി) ഉപ്പുതുറ പി. എച്ച്. സെന്ററിന്റെ കീഴിൽ 12-ഉം, വണ്ടിപ്പെരിയാർ പി. എച്ച്. സെന്ററിന്റെ കീഴിൽ 7-ഉം കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്.

(സി, ഡി) കാലതാമസം ഒഴിവാക്കിക്കൊണ്ട് കഴിയുന്നത്ര വേഗത്തിൽ പണികൾ ചെയ്തു തീർക്കാനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ആയുർവ്വേദം, ഹോമിയോപ്പതി, യുനാനി എന്നിവയ്ക്ക് ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്

1112 [2041] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആയുർവ്വേദം, ഹോമിയോപ്പതി, യുനാനി എന്നിവയ്ക്ക് ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര ആരോഗ്യവകുപ്പ് ഉപമന്ത്രി തിരുവനന്തപുരത്ത് പ്രസ്താവിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പറയാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

സ്പെഷ്യൽ കമ്പോണന്റ് പ്രോഗ്രാമിൽപ്പെടുത്തി ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും തുറക്കണമെന്ന ആവശ്യം

1113 [2042] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിലെ മുളവനയിൽ സ്പെഷ്യൽ കമ്പോണന്റ് പ്രോഗ്രാമിൽപ്പെടുത്തി ഒരു ആയുർവ്വേദ ഡിസ്പെൻസറിയും കിഴക്കേ കല്ലടയിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly